# യുഎൻ സ്റ്റാഫറായി ജോലി ചെയ്യുന്നതിനിടെ ഗസയിലുണ്ടായ ആക്രമണത്തിൽ കേണൽ വൈഭവ് അനിൽ കാലെ (റിട്ട.) മരണപ്പെട്ടതുമായി ബന്ധപ്പെട്ട പ്രസ്താവന

മേയ് 15, 2024

യുഎൻ ഡിപ്പാർട്ട്മെന്റ് ഓഫ് സേഫ്റ്റി ആൻഡ് സെക്യൂരിറ്റിയിൽ (DSS) സുരക്ഷാ ഏകോപന ഉദ്യോഗസ്ഥനായി ജോലി ചെയ്യുന്നതിനിടെ 2024 മേയ് 13-ന് കേണൽ വൈഭവ് അനിൽ കാലെ (റിട്ട.) മരണപ്പെട്ട സംഭവത്തിൽ ഞങ്ങൾ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ കുടുംബത്തെയും പ്രിയപ്പെട്ടവരെയും ഞങ്ങളുടെ അനുശോചനം അറിയിക്കുന്നു.

ന്യൂയോർക്കിലുള്ള യുഎന്നിലെ ഞങ്ങളുടെ സ്ഥിരം മിഷനും ടെൽ അവീവിലെയും റാമല്ലയിലെയും ഞങ്ങളുടെ മിഷനുകളും ഭൗതിക ശരീരം ഇന്ത്യയിൽ എത്തിക്കുന്നതിനുള്ള എല്ലാ സഹായവും നൽകും, സംഭവം സംബന്ധിച്ച അന്വേഷണവുമായി ബന്ധപ്പെട്ട് അധികാരികളുമായി ബന്ധം പുലർത്തുന്നത് തുടരുകയും ചെയ്യുന്നതാണ്.

**ന്യൂഡൽഹി**
**മേയ് 15, 2024**